# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**റവന്യൂ സെല്‍**

2649 **ശ്രീ. കെ. അച്ചുതന്‍**
**,, വി. പി. സജീന്ദ്രന്‍**
**,, സി. പി. മുഹമ്മദ്**
**,, തേറമ്പില്‍ രാമകൃഷ്ണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) **റവന്യൂ വകുപ്പില്‍ റവന്യൂ സെല്‍ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;**

(ബി) **പ്രസ്തുത സെല്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവര്‍ത്തന രീതിയും എന്തൊക്കെയാണെന്ന് വിശദമാക്കുമോ;**

(സി) **എന്തെല്ലാം സേവനങ്ങളാണ് ഈ സെല്‍ മുഖേന ജനങ്ങള്‍ക്ക് ലഭ്യമാകുന്നത്;**

(ഡി) **റവന്യൂ സെല്ലിന്റെ പ്രവര്‍ത്തനം വിവിധ കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിയ്ക്കുമോ?**

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>റവന്യൂ കാര്യാലയങ്ങളുടെ ആധുനികവൽക്കരണവും</u>
<u>റവന്യൂ കാർഡ് വിതരണവും</u>

2650 ശ്രീ. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റവന്യൂ ആഫീസുകളുടെ ആധുനികവൽക്കരണത്തിനും നവീകരണത്തിനുമായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ;

(ബി) ഭൂരേഖകളുടെ കമ്പ്യൂട്ടർവൽക്കരണത്തിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) കുടുംബങ്ങൾക്ക് റവന്യൂ കാർഡ് ഏർപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

## 21.06.2012 -ലെ മറുപടിക്ക്

**ഗോൾഫ് ക്ലബ്ബിന്റെ ഭരണ കൈമാറ്റം**

2651 ശ്രീ. പി. കെ. ഗുരുദാസൻ
,, വി. ശിവൻകുട്ടി
,, കോലിയക്കോട് എൻ കൃഷ്ണൻ നായർ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ഗോൾഫ് ക്ലബ്ബിന്റെ നടത്തിപ്പുചുമതല മുൻഭാരവാഹികൾക്ക് നൽകുന്നത് സംബന്ധിച്ച് നിയമ വകുപ്പിന്റെ ഉപദേശങ്ങളോ നിർദ്ദേശമോ ലഭിച്ചിട്ടുണ്ടോ ;

(ബി) കോടതിയിൽ നിന്ന് മറ്റ് നിർദ്ദേശങ്ങൾ ഉണ്ടാകാത്ത സാഹചര്യത്തിൽ ഇത് ഇപ്പോൾ കൈമാറേണ്ട സാഹചര്യംഉണ്ടായിട്ടുണ്ടോ ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>സര്‍ക്കാര്‍ ഭൂമിയിലെ അനധികൃത കൈയ്യേറ്റങ്ങളും കേരള ഭൂബാങ്ക് പ്രോജക്ടും</u>**

**2652** **ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) **സര്‍ക്കാര്‍ വക ഭൂമിയിലെ കയ്യേറ്റങ്ങള്‍ കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത കയ്യേറ്റങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;**

(ബി) **കേരള സര്‍ക്കാര്‍ നടപ്പിലാക്കിയ കേരള ഭൂബാങ്ക് പ്രോജക്ട് എന്നാണ് നിലവില്‍ വന്നത്; അതിന്റെ ഘടന വ്യക്തമാക്കുമോ;**

(സി) **നാളിതുവരെ എന്തെല്ലാം പ്രവര്‍ത്തനങ്ങളാണ് പ്രസ്തുത പ്രോജക്ട് മുഖേന നടത്തിയതെന്ന് വിശദമാക്കുമോ;**

(ഡി) **പ്രസ്തുത പ്രോജക്ടിനായി ഈ സാമ്പത്തികവര്‍ഷം എത്ര തുകയാണ് അനുവദിച്ചതെന്നും ഇതില്‍ എത്ര ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ?**

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**കയർ ഭൂവസ്ത്ര നദീതീര സംരക്ഷണം**

2653 **ശ്രീ. എം. ഉമ്മർ**
**,, അബ്ദുറഹിമാൻ രണ്ടത്താണി**
**,, എൻ. ഷംസുദ്ദീൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നദീതീരങ്ങളുടെ സംരക്ഷണത്തിന് പ്രകൃതി സൗഹൃദ കയർഭൂവസ്ത്രം ഉപയോഗപ്പെടുത്തുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതുമായി ബന്ധപ്പെട്ട പഠന ഗവേഷണങ്ങളുടെ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) നദീതീരങ്ങളുടെ സ്വാഭാവികത നിലനിർത്തുന്നതിനും, കരയിടിച്ചിൽ തടയുന്നതിനും പരിസ്ഥിതി സംരക്ഷണത്തിനും അനുയോജ്യമായ ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിലെങ്കിലും നദീതീരങ്ങളിൽ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിജയപരാജയങ്ങളെ സംബന്ധിച്ച വിശദവിവരം നല്കാമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**നദികളിലെ അനിയന്ത്രിത മണലൂറ്റും പാരിസ്ഥിതിക പ്രത്യാഘാതവും**

**2654 ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നദികളിൽ നിന്ന് അനിയന്ത്രിതമായി മണലൂറ്റുന്നത് മൂലം കരഭാഗങ്ങളും, പാലങ്ങളും അപകടകരമായ അവസ്ഥയിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മണൽ വാരൽ പരിസ്ഥിതിക്കേൽപ്പിക്കുന്ന ആഘാതത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) തീരപ്രദേശങ്ങളിലെ ഉപ്പുമണൽ അനധികൃതമായി ഖനനം നടത്തി കഴുകിയും, കഴുകാതെയും കെട്ടിട നിർമ്മാണത്തിനായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് കെട്ടിടങ്ങളുടെ ഉറപ്പിന് ഉണ്ടാക്കിയേക്കാവുന്ന ദോഷങ്ങൾ കണക്കിലെടുത്ത് അനധികൃത മണലൂറ്റിനെതിരെ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**<u>നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം</u>**

**2655 ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആവശ്യത്തിലേക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ പ്രസ്തുത സ്ഥലം നെൽവയൽ, തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നതാണെങ്കിൽ നിലവിൽ പാലിക്കേണ്ടുന്ന വ്യവസ്ഥകളിൽ റവന്യുവകുപ്പ് മാറ്റംവരുത്തി ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പും, വിശദാംശവും ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>ആധാർ മാതൃകയിൽ യൂണീക് തണ്ടപ്പേര് നമ്പർ (യു.ടി.എൻ.)</u>

2656 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ഭൂമിയുള്ള എല്ലാവർക്കും ആധാർ മാതൃകയിൽ യൂണിക് തണ്ടപ്പേര് നമ്പർ (യു.ടി.എൻ.) കാർഡ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുവോ; വ്യക്തമാക്കുമോ;

(ബി) ആയതിലേക്ക് എത്ര കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു; ഇതിന് കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) യു.ടി.എൻ. കാർഡ് നടപ്പിലാക്കിയാൽ നിലവിൽ വില്ലേജ് ഓഫീസിൽ നിന്നും വിവിധ സർട്ടിഫിക്കറ്റ് ലഭിക്കാൻ ജനങ്ങൾ ക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കപ്പെടുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയെന്നും ഇത് ആദ്യമായി തുടങ്ങാൻ ഉദ്ദേശിക്കുന്ന ജില്ലകൾ ഏതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>ഇ-മണൽ സംവിധാനം നടപ്പിലാക്കാൻ നടപടി</u>

2657 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-മണൽ സംവിധാനം ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് നടപ്പിലാക്കിയതുകൊണ്ടുള്ള പ്രയോജനം എന്താണെന്ന് വിശദമാക്കുമോ;

(സി) കാസർഗോഡ് ജില്ലയിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയതിനുശേഷം ആവശ്യക്കാർക്ക് ന്യായമായ വിലയിൽ മണൽ ലഭിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത സംവിധാനം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിനും മണൽ ലോബികളുടെ പ്രവർത്തനം നിർത്തലാക്കുന്നതിനും എന്തെങ്കിലും തുടർ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**മൂന്നാർ ഭൂമി തർക്കം പ്രത്യേക ട്രൈബ്യൂണലിന് കൈമാറാനുള്ള തടസം**

**2658**

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ**
**,, ജി. സുധാകരൻ**
**,, എസ്. രാജേന്ദ്രൻ**
**,, ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ ഭൂമി സംബന്ധമായ തർക്കങ്ങൾ പ്രത്യേക ട്രൈബ്യൂണലിന് കൈമാറാൻ താമസം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) റവന്യൂ വകുപ്പിന്റെ പരിഗണനയിൽ മൂന്നാറിലെ ഭൂമി സംബന്ധമായ എത്ര പരാതികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കോടതികളിലുണ്ടായിരുന്ന എത്ര കേസുകളാണ് ട്രൈബ്യൂണലിന് കൈമാറിയിരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ട്രൈബ്യൂണലിന്റെ പ്രവർത്തനം എന്നു മുതൽ ആരംഭിക്കുകയുണ്ടായി; പരാതികളെല്ലാം ട്രൈബ്യൂണലിന് കൈമാറാൻ തടസ്സമായി നിലനിൽക്കുന്ന ഘടകങ്ങൾ എന്താണെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി പൂർത്തിയായ വീടുകൾ**

2659 ശ്രീ. കെ. മുരളീധരൻ
,, സണ്ണി ജോസഫ്
,, എം. എ. വാഹീദ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം നടപടികൾസ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി എത്ര വീടുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്;

(സി) എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് ഈ പദ്ധതി പ്രകാരം നടപ്പാക്കിയത് എന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>മുഖ്യമന്ത്രിയുടെ ചികിത്സാ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം</u>**

**2660 ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ചികിത്സാ ദുരിതാശ്വാസനിധിയിൽ നിന്ന് ഈ സർക്കാർ അധികാരമേറ്റ ശേഷം റവന്യൂ വകുപ്പുവഴി എത്ര തുക വിതരണം ചെയ്തുവെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) തുക വിതരണം ചെയ്യുന്നതിൽ റവന്യൂ വകുപ്പിൽ നിന്ന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**റോഡുകളുടെ പുനരുദ്ധാരണം - സാങ്കേതികാനുമതി**

**2661** **ശ്രീ. സി.കെ. സദാശിവൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭംമൂലം ശോചനീയാവസ്ഥയിലായ റോഡുകളുടെ പുനരുദ്ധാരണത്തിനായി ഭരണാനുമതി ലഭിച്ചുകഴിഞ്ഞിട്ടും നിർവ്വഹണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2010-2011 വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ സാങ്കേതികാനുമതി ലഭിക്കാനുള്ള കാലതാമസം മൂലം യഥാസമയം പൂർത്തീകരിക്കാൻ കഴിഞ്ഞില്ലാ എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് നിർവ്വഹണാനുമതിയും സാങ്കേതികാനുമതിയും യഥാസമയം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>വെള്ളപ്പൊക്ക - വരൾച്ചാ ദുരിതാശ്വാസ ഫണ്ട്</u>

**2662 ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യത്തിന്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കേന്ദ്ര സർക്കാരിൽ നിന്നും എത്ര കോടി രൂപ വെള്ളപ്പൊക്ക ദുരിതാശ്വാസഫണ്ടായും വരൾച്ചാ ദുരിതാശ്വാസ ഫണ്ടായും ലഭ്യമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>അങ്കമാലി നിയോജകമണ്ഡലത്തിൽ റോഡുകളുടെ പുനരുദ്ധാരണത്തിന് വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിച്ചത്</u>**

**2663 ശ്രീ. ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **അങ്കമാലി നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം റോഡുകളുടെ പുനരുദ്ധാരണത്തിനായി വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിട്ടുളള തുക എത്രയെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ ;**

(ബി) **ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ?**

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവര്‍ത്തനങ്ങളുടെ ഭാഗമായുള്ള പുനരുദ്ധാരണ പ്രവൃത്തികളുടെ ബില്‍ തുക നല്‍കാന്‍ കാലതാമസം**

2664 **ശ്രീ. ബി. സത്യന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
റവന്യൂവും കയറും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവര്‍ത്തനങ്ങളുടെ ഭാഗമായുള്ള പുനരുദ്ധാരണ പ്രവൃത്തികള്‍ പൂര്‍ത്തീകരിച്ച ശേഷം അവയുടെ ബില്‍ സമര്‍പ്പിച്ച് കഴിഞ്ഞാല്‍ അനുവദിച്ചിട്ടുള്ള തുക ലഭ്യമാകുന്നതിന് വളരെയധികം കാലതാമസം നേരിടുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്രയും കാലതാമസം വരുന്നതിനുള്ള കാരണങ്ങള്‍ വിശദമാക്കാമോ ; കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികള്‍ സ്വീകരിയ്ക്കുമോ ;

(സി) ബില്‍ തുക ലഭ്യമാകാന്‍ കാലതാമസം നേരിടുന്നതിനാല്‍ കരാറുകാര്‍ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവൃത്തികള്‍ ഏറ്റെടുത്ത് നടത്തുവാന്‍ വിമുഖത കാട്ടുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ഡി) തിരുവനന്തപുരം ജില്ലയില്‍ ഇപ്രകാരം ബില്‍ സമര്‍പ്പിച്ചിട്ടുള്ളവരില്‍ ഏത് തീയതിവരെയുള്ളവര്‍ക്കാണ് തുക ലഭ്യമാക്കിയിട്ടുള്ളത് ;

(ഇ) ഇനി എത്ര പ്രവൃത്തികള്‍ക്കായി എത്ര തുക നല്‍കുവാനുണ്ട് ; വിശദമാക്കാമോ ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**ഡിസാസ്റ്റര്‍ മാനേജ്മെന്റ് സ്കീമിന്റെ വിശദാംശങ്ങള്‍**

**2665** **ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പ്രകൃതി ദുരന്തനിവാരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തില്‍ നടപ്പാക്കുന്ന ഡിസാസ്റ്റര്‍ മാനേജ്മെന്റ് സ്കീമിന്റെ വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ;

(ബി) ഡിസാസ്റ്റര്‍ മാനേജ്മെന്റ് സംബന്ധിച്ച് ജനങ്ങള്‍ക്ക് അവബോധം നല്‍കുവാന്‍ നടപ്പാക്കിയ പരിപാടികള്‍ എന്തെല്ലാം; ഇതിനായി 2011-12 വര്‍ഷത്തില്‍ ഉണ്ടായ ചെലവ് പരിപാടി തിരിച്ച് വിശദീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>ദുരന്തനിവാരണസേന</u>

2666 ശ്രീ. കെ.വി.വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ദുരന്തനിവാരണത്തിനായി ഒരു സമഗ്രപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) കേന്ദ്രത്തിൽനിന്നും എത്രകോടി രൂപ ഇതിനായി 2011-12 വർഷം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ ഫണ്ട് എന്തെല്ലാം പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) സമഗ്രവും സുശക്തവുമായ ദുരന്തനിവാരണസേനയ്ക്ക് രൂപം നൽകുമോ; കേരളത്തിൽ ദുരന്തങ്ങൾ ഉണ്ടായാൽ നേരിടുന്നതിന് ഇപ്പോഴുള്ള സംവിധാനം പര്യാപ്തമാണോ;

(ഡി) സുനാമി നേരിടുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**ദുരന്ത ലഘൂകരണ പ്രവർത്തന പദ്ധതി**

2667 **ശ്രീ. പി. കെ. ഗുരുദാസൻ**
**,, കെ. വി. അബ്ദുൾ ഖാദർ**
**,, എം. ചന്ദ്രൻ**
**,, കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്കായി അടുത്ത അഞ്ചു വർഷത്തേക്ക് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്ന 1476.30 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്രത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ;

(ബി) എത്ര കോടി രൂപയുടെ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>വടകര റവന്യൂ ഡിവിഷണൽ ഓഫീസ്</u>

2668 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽ വടകര ആസ്ഥാനമാക്കി ഒരു റവന്യൂ ഡിവിഷണൽ ഓഫീസ് തുടങ്ങാനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ എത്രയും വേഗം തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>പ്രകൃതി ദുരന്ത നിവാരണം</u>

2669 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഉണ്ടായിട്ടുള്ള വരൾച്ച, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ മൂലം കേരളത്തിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് പറയാമോ;

(ബി) ദുരന്തനിവാരണത്തിനായി കേന്ദ്രസർക്കാരിനോട് സാമ്പത്തികസഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; എത്ര കോടി രൂപയുടെ സഹായമാണ് കഴിഞ്ഞ സാമ്പത്തിക വർഷം(2011-12) ആവശ്യപ്പെട്ടിരുന്നത്; എത്ര കോടി രൂപയുടെ സഹായം അനുവദിച്ചു;

(സി) പ്രസ്തുത സാമ്പത്തിക സഹായം ഏതെല്ലാം ഇനത്തിലായിട്ടാണ് അനുവദിച്ചത്;

(ഡി) ഈയിനത്തിൽ 2006 മുതൽ 2012 വരെയുള്ള ഓരോ വർഷത്തെയും കേന്ദ്ര സഹായം എത്രയെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത വർഷങ്ങളിൽ ദുരന്തനിവാരണത്തിനായി ചെലവഴിച്ച തുക എത്രയാണ്; ഏതെല്ലാം ഇനത്തിലാണ് ചെലവഴിച്ചത്;

(എഫ്) ദുരന്ത നിവാരണ വകുപ്പിന്റെ പ്രവർത്തനം ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ കുറ്റമറ്റതാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ജി) പ്രസ്തുത വകുപ്പിലേക്ക് ലഭ്യമായ ആധുനിക ഉപകരണങ്ങൾ പലതും കേരളത്തിൽ ഉപയോഗിക്കുന്നില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; അവയെല്ലാം ലഭ്യമാക്കി ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**<u>ദുരന്തനിവാരണത്തിന് റവന്യൂ, പോലീസ്, ഫയർഫോഴ്സ് വിഭാഗങ്ങൾക്ക് പ്രത്യേക പരിശീലനം</u>**

**2670 ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ദുരന്തങ്ങൾ നേരിടുന്നതിനും ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനും റവന്യൂ, പോലീസ്, ഫയർഫോഴ്സ് വകുപ്പുകളിലെ ജീവനക്കാർക്ക് പ്രത്യേക പരിശീലനം കൊടുക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുമോ ;

(ബി) ദുരന്തങ്ങൾ നേരിടുന്നതിന് വില്ലേജ്തലത്തിൽ സന്നദ്ധ സേന സജ്ജമാക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ</u>
<u>മലപ്പുറം ജില്ലയിലെ റോഡുനിർമ്മാണം</u>

2671 **ഡോ. കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യത്തിന്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും റോഡുകൾ നന്നാക്കുന്നതിനായി മലപ്പുറം ജില്ലയ്ക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ആയതിന്റെ നിയോജക മണ്ഡലം തിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 21.06.2012 –ലെ മറുപടിക്ക്

റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ

2672 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) നദികളുടെ കുത്തൊഴുക്കിൽ തീരങ്ങൾ ഇടിഞ്ഞ് പോകുന്ന സ്ഥലങ്ങൾ ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് പ്രത്യേക പരിഗണന നൽകുമോ ;

(സി) ഇത്തരം പ്രവൃത്തികൾക്ക് ഒരു സ്ഥലത്ത് അനുവദിക്കുന്ന തുകയ്ക്ക് ഉയർന്ന പരിധി നിശ്ചയിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ എത്രയെന്നറിയിക്കുമോ ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**റിവർ മാനേജ്മെന്റ് ഫണ്ട് -പ്രവർത്തികൾക്ക് ഭരണ,സാങ്കേതിക അനുമതി**

2673 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്ന് ഏതെല്ലാം വർക്കുകൾക്ക് സംസ്ഥാന സമിതി പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്;

(ബി) പുതുതായി ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്;

(സി) 20 ലക്ഷം രൂപവരെയുള്ള പ്രവർത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതിന് ജില്ലാതലത്തിൽ അധികാരം നൽകണമെന്ന ആവശ്യം കോഴിക്കോട് ജില്ലാ വികസന സമിതി ഉന്നയിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**ആദിവാസികൾക്കുള്ള ഭൂമി വിതരണം**

2674 ശ്രീ. കെ. ശിവദാസൻ നായർ
,, സണ്ണി ജോസഫ്
,, ടി. എൻ. പ്രതാപൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കുളള ഭൂമി വിതരണത്തിലെ പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുളളത്; വിശദമാക്കാമോ;

(ബി) വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് കൈവശാവകാശരേഖ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഭൂമി കണ്ടെത്തി വിലപേശി വാങ്ങി അർഹരായവർക്ക് വിതരണം ചെയ്യുന്നതിനുളള നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**ഭൂരഹിതരായ ആദിവാസികൾക്ക് കൈവശാവകാശം**

**2675** **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**,, ഡൊമിനിക് പ്രസന്റേഷൻ**
**,, എ.റ്റി. ജോർജ്**
**,, വർക്കല കഹാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**(എ)** **ഈ സർക്കാർ അധികാരമേറ്റശേഷം ഭൂരഹിതരായ ആദിവാസികൾക്കായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;**

**(ബി)** **ആദിവാസി കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം കൈവശാവകാശ രേഖ നൽകുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;**

**(സി)** **ഇനിയും എത്ര പേർക്ക് കൂടി കൈവശാവകാശ രേഖ നൽകാനുണ്ട്;**

**(ഡി)** **ഇവർക്ക് ഉടനടി കൈവശാവകാശ രേഖ നൽകുവാനുള്ള നടപടി ഊർജ്ജിതപ്പെടുത്തുമോ?**

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

### ഭൂവിനിയോഗം സംബന്ധിച്ച് ഗ്രാമസഭയ്ക്കും പഞ്ചായത്തിനും അധികാരം

**2676 ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഭൂരഹിതർക്ക് ഭൂമി നൽകുന്നതുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഗ്രാമങ്ങളിലേയും നഗരങ്ങളിലേയും പൊതുഭൂമി നിർണ്ണയിക്കാനും രേഖപ്പെടുത്താനുമായി പ്രത്യേക സർവ്വെ നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഭൂവിനിയോഗത്തിൽ ഗ്രാമസഭകൾക്കും പഞ്ചായത്തുകൾക്കും അധികാരം നൽകുന്ന മാർഗ്ഗരേഖ തയ്യാറാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതി</u>**

**2677 ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ കണക്കെടുപ്പ് തുടങ്ങിയോ ; എങ്കിൽ ജില്ല തിരിച്ചുളള വിവരം നൽകുമോ ;

(ബി) കണക്കെടുപ്പ് എത്ര നാളുകൾക്കുളളിൽ പൂർത്തീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ മിച്ചഭൂമിയുടെ കണക്കെടുപ്പും നടത്തുമോ ; എങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ തളിപ്പറമ്പ് മണ്ഡലത്തിലെ അപേക്ഷകർ</u>**

**2678 ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയിൽ തളിപ്പറമ്പ് മണ്ഡലത്തിൽപ്പെടുന്ന പ്രദേശങ്ങളിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ആയതിന്റെ വില്ലേജടിസ്ഥാനത്തിലുള്ള എണ്ണം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ തുടർനടപടികൾ വിശദീകരിക്കാമോ; പദ്ധതി നടപ്പിലാക്കുമ്പോൾ നിലവിൽ ഭൂമിക്കായി അപേക്ഷ നൽകി കാത്തിരുന്നവർ പ്രത്യേകം അപേക്ഷ നൽകേണ്ടതുണ്ടോ; എങ്കിൽ ഇവരുടെ മുൻഗണനാക്രമം നിലനിറുത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുക; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ സീറോ ലാൻഡ്ലെസ്സ് പദ്ധതി**

**2679**

**ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സീറോ ലാന്റ്ലസ്സ് പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എങ്ങിനെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സീറോ ലാന്റ്ലസ്സ് പദ്ധതി പ്രകാരം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഭൂരഹിതരായ എത്രപേരുടെ അപേക്ഷ ലഭിച്ചിട്ടുണ്ടെന്നും എത്ര പേർ ആയതിന് അർഹതപ്പെട്ടവരാണെന്നുമു ളളതിന്റെ വില്ലേജടിസ്ഥാനത്തിലുളള കണക്ക് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**സീറോ ലാൻഡ്ലെസ് സിറ്റിസൺസ് കേരള പദ്ധതി 2015**

2680 ശ്രീ. കെ. കെ. നാരായണൻ
'' സാജു പോൾ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സീറോ ലാൻഡ്ലെസ് (സിറ്റിസൺസ്) കേരള 2015 എന്ന പദ്ധതി എന്നാണ് സംസ്ഥാനത്ത് ആരംഭിച്ചത് ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം പ്രവർത്തനങ്ങളാണ് ഇതുവരെ നടന്നിട്ടുള്ളത് ;

(സി) സീറോ ലാൻഡ്ലെസ് സിറ്റിസൺസ് കേരള 2015 എന്ന പദ്ധതിയ്ക്കായി ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നത്</u>**

**2681** **ഡോ. കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായവർക്ക് വീട് നിർമ്മിക്കുന്നതിനായി ഭൂമി ലഭ്യമാക്കാൻ വില്ലേജ് ഓഫീസുകൾ മുഖേന അപേക്ഷ ക്ഷണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂരഹിതരായവർക്ക് വീട് നിർമ്മിക്കുവാൻ ആവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഭൂമി എന്ന് വിതരണം ചെയ്യാൻ കഴിയുമെന്നും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഏതു ഘട്ടംവരെയായി എന്നും വിശദമാക്കാമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**പട്ടയത്തിനു വേണ്ടി ലഭിച്ച അപേക്ഷകൾ**

**2682 ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പട്ടയം ലഭിക്കുന്നതിനായി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ എത്ര അപേക്ഷകളിന്മേൽ ഇനിയും പട്ടയം നൽകുവാനുണ്ട്;

(ബി) ജില്ല - താലൂക്ക് - വില്ലേജ് അടിസ്ഥാനത്തിൽ അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) സമയബന്ധിതമായി ഇവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**തീരദേശ വില്ലേജുകളിൽ നിന്നും പട്ടയം ആവശ്യപ്പെട്ട അപേക്ഷകൾ**

**2683 ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം, കോട്ടുകാൽ, കരുംകുളം, തിരുപുറം എന്നീ തീരദേശ വില്ലേജുകളിൽ നിന്നും പട്ടയം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അപേക്ഷകർക്ക് എന്ന് പട്ടയം നൽകാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയുടെ പട്ടയം നൽകാൻ നടപടി</u>

2684 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയുടെ പട്ടയം നൽകുന്ന പരിപാടികളുടെ നടത്തിപ്പ് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതി ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതിക്ക് കീഴിൽ ഇതുവരെ എത്രപേർക്ക് പട്ടയം വിതരണം നടത്തിയെന്ന് വിശദമാക്കാമോ ;

(ഡി) താനൂർ മണ്ഡലത്തിലെ ഉള്ള്യാൽ, താനൂർ അടക്കമുള്ള തീരപ്രദേശങ്ങളിൽ ഈ പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ഇ) നടപടികൾ പൂർത്തീകരിച്ച് ഈ പ്രദേശങ്ങളിൽ എന്ന് പട്ടയം വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>പാമ്പിഴഞ്ഞപാറ നിവാസികൾക്ക് പട്ടയം</u>

2685 **ശ്രീ. സി. മോയിൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി പഞ്ചായത്തിലെ പാമ്പിഴഞ്ഞപാറ പ്രദേശത്തെ 53 കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കാനുള്ള നടപടി ഏതുഘട്ടം വരെയായി എന്നു വിശദമാക്കുമോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് എന്ന് പട്ടയം നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>തൃശൂർ ജില്ലയിൽ പട്ടയം ലഭിക്കാത്തവർ</u>**

2686 **പ്രൊഫ. സി. രവീന്ദ്രനാഥ്**

താഴെ കാണുന്ന ചോദ്യത്തിന്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**തൃശൂർ ജില്ലയിൽ പട്ടയം ലഭിക്കുന്നതിന് വേണ്ടി ധാരാളം അപേക്ഷകൾ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കാനാവശ്യമായ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?**

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**കൈവശ ഭൂമിക്ക് പട്ടയം നൽകുവാൻ നടപടി**

**2687 ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളി താലൂക്കിൽ പെരുവെട്ടി വില്ലേജിലെ എത്ര കുടുംബങ്ങൾക്കാണ് അവരുടെ കൈവശഭൂമിക്ക് പട്ടയം ലഭിക്കാനുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) 40 വർഷത്തിലധികമായി പ്രസ്തുത സ്ഥലത്ത് താമസിച്ചുവരുന്നവർക്ക് പട്ടയം നൽകുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പട്ടയം നൽകുന്നതിന് എന്തൊക്കെ നടപടികൾ പൂർത്തീകരിക്കാനുണ്ട്; ഇവ പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇവർക്ക് എന്ന് പട്ടയം നൽകാൻ കഴിയുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>പട്ടയം ലഭിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ</u>

2688 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
റവന്യൂവും കയറും
വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം പുതിയതായി എത്ര പേർക്ക് പട്ടയം നൽകിയെന്നു വ്യക്തമാക്കാമോ ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**നഗരൂർ ഗ്രാമപഞ്ചായത്തിന്റെ റവന്യൂ പുറമ്പോക്ക് ഭൂമി പതിച്ചു നൽകിയ നടപടി**

**2689 ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നഗരൂർ പഞ്ചായത്തിൽ 2003, 2004 വർഷങ്ങളിൽ ആകെ എത്ര പേർക്ക് റവന്യൂ പുറമ്പോക്ക് ഭൂമി പതിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂമി ലഭ്യമായവരുടെ പേരും എത്ര സെന്റ് വീതം ഭൂമിയാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും എന്താവശ്യത്തിനാണ് ഭൂമി ലഭ്യമാക്കിയിട്ടുള്ളതെന്നും വിശദമാക്കുമോ;

(സി) പുറമ്പോക്ക് ഭൂമി പതിച്ച് നൽകിയതുമായി ബന്ധപ്പെട്ട് കോടതിയിൽ കേസുകൾ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) നഗരൂർ വില്ലേജിൽ സർവ്വേ നമ്പർ. 552/2-ൽ ഉൾപ്പെട്ട റവന്യൂ പുറമ്പോക്ക് ഭൂമി അനധികൃതമായി രണ്ട് സ്വകാര്യ വ്യക്തികൾക്ക് പതിച്ച് നൽകിയ നടപടി പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് നഗരൂർ ഗ്രാമപഞ്ചായത്തും നിയമസഭാംഗവും റവന്യൂ വകുപ്പുമന്ത്രിക്കും ജില്ലാ കളക്ടർക്കും 16.02.2012-ൽ നൽകിയ നിവേദനത്തിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**പേരാമ്പ്ര റഗുലേറ്റഡ് മാർക്കറ്റിംഗ് കമ്മിറ്റിയുടെ ഭൂമി സ്വകാര്യവ്യക്തികൾക്ക് നൽകുന്നത് സംബന്ധിച്ച കേസ്**

**2690** **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്രയിലെ റഗുലേറ്റഡ് മാർക്കറ്റിംഗ് കമ്മിറ്റി വക ഭൂമിസ്വകാര്യ വ്യക്തികൾക്ക് വിട്ടുകൊടുക്കാനുള്ള ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്ത് ഭൂമി സർക്കാർ അധീനതയിലാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് ബഹു. ഹൈക്കോടതി മുമ്പാകെ കേസ് നിലവിലുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വെളിപ്പെടുത്തുമോ ; സർക്കാരിന് ഭൂമി അധീനതയിലാക്കുന്നതിന് അനുകൂലമായി അഡ്വക്കേറ്റ് ജനറൽ നിയമോപദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഭൂമി സർക്കാർ അധീനതയിലാക്കുന്നതിന് നിയമതടസ്സങ്ങൾ നിലവിലുണ്ടോ ;

(ഇ) പൊതുസ്വത്ത് സംരക്ഷിക്കുവാനായി ഇക്കാര്യത്തിൽ കാലതാമസം ഒഴിവാക്കി സർക്കാർ നടപടികൾ സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>മങ്കട കർക്കിടകത്ത് റവന്യൂ വകുപ്പിന്റെ മിച്ച ഭൂമി ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിനും ഐ.എച്ച്.ആർ.ഡി ക്കും വിട്ടുനൽകാൻ നടപടി</u>**

**2691 ശ്രീ. റ്റി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മങ്കട കർക്കിടകത്ത് റവന്യൂ വകുപ്പിന്റെ കീഴിലുള്ള മിച്ച ഭൂമി, വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിനും, ഐ.എച്ച്.ആർ.ഡി.ക്കും വിട്ടു നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ മിച്ചഭൂമിയായി കിടക്കുന്ന പ്രസ്തുത ഭൂമി മേൽപ്രസ്താവിച്ച സ്ഥാപനങ്ങൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് വിട്ടുകൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**ഏറനാട് -ഊർങ്ങാട്ടിരി, വെറ്റിലപ്പാറ വില്ലേജുകളിലെ ഷെയർ വാല്യു**

**2692 ശ്രീ. പി.കെ. ബഷീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ ഊർങ്ങാട്ടിരി, വെറ്റിലപ്പാറ വില്ലേജുകളിൽ ന്യായവില നിശ്ചയിച്ചത് മാർക്കറ്റ് വിലയേക്കാൾ കൂടുതലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ന്യായവില നിശ്ചയിച്ചതിലെ അപാകത പരിഹരിച്ച് വില പുതുക്കി നിശ്ചയിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>പെരുമ്പെട്ടി വില്ലേജിലെ വലിയകാവ് റിസർവ്വ് ഫോറസ്റ്റ് ഉൾപ്പെടുന്ന വനഭൂമി സംബന്ധിച്ച കേസ്</u>**

**2693** **ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പെരുമ്പെട്ടി വില്ലേജിലുൾപ്പെടുന്നതും, വലിയകാവ് റിസർവ്വ് ഫോറസ്റ്റിലുൾപ്പെടുന്നതുമായ 80:69 ഏക്കർ വനഭൂമി, റവന്യൂ വകുപ്പിന്റേത് ആണെന്നും പ്രസ്തുത സ്ഥലം സ്വകാര്യ വ്യക്തിക്ക് അവകാശപ്പെട്ടതാണെന്നും, സ്ഥലം ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് അനധികൃതമായി കൈവശം വച്ചിരിക്കുകയുമാണെന്ന് അക്കാല യളവിലെ മല്ലപ്പിള്ളി തഹസീൽദാരും, താലൂക്ക് സർവ്വേയറും നൽകിയ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് നൽകിയ ഉദ്യോഗസ്ഥരുടെ മേൽ എന്തൊക്കെ ശിക്ഷാ നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ; തെറ്റായ റിപ്പോർട്ട് നൽകി വനം മാഫിയകളെ സഹായിച്ച ഈ ഉദ്യോഗസ്ഥരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചുവോ; എന്നു മുതൽ ഇവരെ തിരികെ ജോലിയിൽ പ്രവേശിപ്പിച്ചു എന്നു വ്യക്തമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് നൽകാമോ;

(ബി) ഇതേക്കുറിച്ച് തുടരന്വേഷണം നടത്തിയത് ആരാണ്; പ്രസ്തുത തുടരന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിരുന്നുവോ;റിപ്പോർട്ടിലെ ഉള്ളടക്കവും, കണ്ടെത്തലുകളും വിശദമാക്കാമോ;

(സി) ഇതു സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ ഏതെങ്കിലും കേസുകളുണ്ടായിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; കോടതി സസ്പെൻഷൻ ഉത്തരവ് ശരി വെക്കുകയും 4 മാസത്തിനകം തുടരന്വേഷണ റിപ്പോർട്ട് നൽകുകയും ചെയ്യണമെന്ന് ഉത്തരവിട്ടിരുന്നോ;

(ഡി) ഇതനുസരിച്ച് റിപ്പോർട്ട് ബഹു. ഹൈക്കോടതിക്ക് നൽകി യിട്ടുണ്ടോ; എങ്കിൽ എന്നാണ് നൽകിയത്; ഇതിന്റെയടി സ്ഥാനത്തിൽ കോടതി എന്ത് ഉത്തരവാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഇ) റിപ്പോർട്ട് ഇതേവരെ കോടതിക്ക് നൽകിയിട്ടില്ലെങ്കിൽ അത് എന്തുകൊണ്ട് എന്നു വ്യക്തമാക്കാമോ; എന്നത്തേക്ക് ഈ റിപ്പോർട്ട് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>ചാലക്കുടി പോലീസ് ക്വാർട്ടേഴ്സ് വക സ്ഥലം സർക്കാർ ഉടമസ്ഥതയിലാക്കുന്നതിന് നടപടി</u>

**2694** **ശ്രീ. ബി. ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ചാലക്കുടി മജിസ്ട്രേറ്റു കോടതിക്കു സമീപമുള്ള പോലീസ് ക്വാർട്ടേഴ്സ് വക സ്ഥലം, സർക്കാർ ഉടമസ്ഥതയിലാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**<u>കൊടുവള്ളി മിനി സിവിൽ സ്റ്റേഷൻ</u>**

**2695** **ശ്രീ. പി. റ്റി. എ. റഹീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി മിനി സിവിൽ സ്റ്റേഷന്റെ ശിലാസ്ഥാപനവും ഉത്ഘാടനവും നടന്നത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ഓഫീസുകളാണ് ഇതുവരെയായി ഇവിടേക്ക് മാറ്റിയത്; മാറ്റിയിട്ടില്ലെങ്കിൽ കാരണം എന്താണ്;

(സി) മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന് ജനാബ്. ടി. കെ. പരിയേയിക്കുട്ടി അധികാരി സ്മാരക ബിൽഡിംഗ് എന്ന് നാമകരണം ചെയ്തിട്ടുണ്ടോ; ഇതിനായി പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**പൊന്നാനി മണ്ഡലത്തിൽ അനധികൃത**
**മണൽ വാരലിനെതിരെ നടപടി**

2696 **ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിൽ കപ്പൽ ചാനലിലെ മണൽ നീക്കുന്നതിന്റെ മറവിൽ അനധികൃതമായി മണൽവാരി വിൽക്കുന്നതിന് അധികൃതർ വിവിധ സൊസൈറ്റികൾക്ക് അനുമതി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുഴയിൽ രൂപപ്പെട്ടിട്ടുള്ള കുണ്ടുകളും കാടുകളും നീക്കം ചെയ്യാതെ അനധികൃതമായി ഭാരതപ്പുഴയിൽ നിന്നും മണൽ വാരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അംഗീകൃത കടവുകളുടെ മറവിൽ ഉപ്പുമണൽ വ്യാപകമായി കടത്തിക്കൊണ്ട് പോകുന്നതിനെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) ഉപ്പുമണൽ കഴുകുന്ന നിരവധി കേന്ദ്രങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ;

(ഇ) അതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**<u>ബക്കളം വയലിലെ വയൽ നികത്തൽ</u>**

**2697 ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് നഗരസഭയിൽ ബക്കളം വയലിലെ വയൽ ഭൂമി നികത്തി കെട്ടിടം പണിയുന്നതിന് ഭൂമാഫിയ നടത്തുന്ന ശ്രമങ്ങളിൽ പട്ടികജാതി വകുപ്പിലെയും മറ്റും ഉദ്യോഗസ്ഥരുടെ പങ്ക് സംബന്ധിച്ച് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാമോ ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**കല്യാശ്ശേരി മാടായിയിൽ ഐ.ടി.ഐ കെട്ടിടം നിർമ്മാണം**

**2698 ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ മാടായി ഐ.ടി.ഐ ക്ക് വേണ്ടി റവന്യൂ വകുപ്പ് നൽകിയ സ്ഥലത്ത് കെട്ടിടം നിർമ്മാണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സ്റ്റേ ഓർഡർ നീക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത കേസ് ദീർഘമായി നീണ്ടു പോകുന്നത് ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) മാടായി ഐ.ടി.ഐ ക്ക് എത്ര തുകയുടെ ഭരണാനുമതിയാണ് ലഭിച്ചത്; എപ്പോഴാണ് കെട്ടിടം പണി ആരംഭിച്ചത്; ഇപ്പോൾ എത്ര തുക കെട്ടിടം പണിയാൻ ചെലവായിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഡി) ഐ.ടി.ഐ കെട്ടിടത്തിന്റെ പ്രവൃത്തി പുനരാരംഭിക്കാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**<u>കുട്ടനാട് നിയോജക മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കൽ</u>**

**2699 ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജക മണ്ഡലത്തിലെ മുണ്ടയ്ക്കൽ, വൈശ്യംഭാഗം പാലങ്ങളുടെ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണത്തിന് നൽകിയ ഭരണാനുമതിയുടെ കാലാവധി തീരുന്നതിന് മുമ്പ് തന്നെ അതിനായുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**<u>ചെല്ലഞ്ചി പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ നടപടി</u>**

**2700 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യത്തിന്
റവന്യൂവും കയറും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണാവശ്യത്തിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ഏതുവരെയായിയെന്ന് വിശദീകരിക്കാമോ; തടസ്സങ്ങൾ നീക്കി എത്രയും വേഗം പണി പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**<u>കൊയിലാണ്ടി ഉള്ളൂർ കടവ് പാലത്തിന്റെ നിർമ്മാണം</u>**

**2701 ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ മുൻ സർക്കാർ ഭരണാനുമതി നൽകിയ ഉള്ളൂർ കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തി യുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ലാന്റ് അക്വിസിഷൻ നടപടികൾ എപ്പോൾ പൂർത്തീകരിക്കുമെന്നും പി.ഡബ്ല്യൂഡിയ്ക്ക് ഭൂമി എപ്പോൾ വിട്ടുകൊടുക്കാൻ കഴിയുമെന്നും പറയാമോ;

(സി) ഇതിനുവേണ്ടി നടപടി ത്വരിതപ്പെടുത്തുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>കൊയിലാണ്ടി - അഴീക്കൽകടവ് പാലം</u>**

**2702 ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ മുൻ സർക്കാർ ഭരണാനുമതി നൽകിയ അഴീക്കൽ കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിന് വില്ലേജ് ഓഫീസിൽ നിന്നുള്ള റിപ്പോർട്ട് നാളിതുവരെ തയ്യാറാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ബി) സ്ഥലം ഏറ്റെടുത്ത് മരാമത്ത് വകുപ്പിന് എപ്പോൾ കൈമാറുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>കണ്ണൂര്‍ ജില്ലയില്‍ പുതിയ താലൂക്കുകള്‍</u>**

2703 **ശ്രീ. സി. കൃഷ്ണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ജില്ലയില്‍ നിലവിലുള്ള താലൂക്കുകള്‍ വിഭജിച്ച് പുതിയ താലൂക്കുകള്‍ ആരംഭിക്കാന്‍ നയപരമായ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കില്‍ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**കാസര്‍ഗോഡ് ജില്ലയിലെ താലൂക്ക് വിഭജനം**

**2704 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

കാസര്‍ഗോഡ് ജില്ലയിലെ നിലവിലുള്ള താലൂക്കുകള്‍ വിഭജിച്ച് പുതുതായി താലൂക്കുകള്‍ ആരംഭിക്കാന്‍ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കില്‍ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**തൃക്കരിപ്പൂർ വലിയപറമ്പ് പഞ്ചായത്തിൽ**
**വില്ലേജ് ആഫീസ് ആരംഭിക്കുവാൻ നടപടി**

2705 **ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**തൃക്കരിപ്പൂർ മണ്ഡലത്തിലെ വലിയ പറമ്പ് പഞ്ചായത്തിൽ വില്ലേജ് ഓഫീസ് എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?**

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**<u>വടകര താലൂക്ക് - വില്ലേജ് ഓഫീസിന് കെട്ടിടം</u>**

**2706 ശ്രീ. സി. കെ. നാണു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **വടകര താലൂക്കിൽ ഏതൊക്കെ വില്ലേജ് ഓഫീസുകൾക്കാണ് സ്വന്തമായി കെട്ടിടം ഇല്ലാത്തതെന്ന് വ്യക്തമാക്കുമോ;**

(ബി) **പ്രസ്തുത ഓഫീസുകൾക്ക് കെട്ടിടനിർമ്മാണത്തിനുള്ളനടപടി സ്വീകരിക്കുമോ?**

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>പുതിയ വില്ലേജ് ഓഫീസുകൾ രൂപീകരിക്കാൻ നടപടി</u>

2707 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) താലൂക്കുകളുടെയും, വില്ലേജ് ഓഫീസുകളുടെയും ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ; സംസ്ഥാനത്ത് പുതിയ താലൂക്കുകൾ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം താലൂക്കുകളാണ് പുതുതായി രൂപീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് പുതിയ വില്ലേജ് ഓഫീസുകൾ രൂപീകരിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് പുതുതായി രൂപീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**ബാലുശ്ശേരി കൂരാച്ചുണ്ട് വില്ലേജിന്റെ അതിര്‍ത്തി പുനര്‍നിര്‍ണ്ണയം**

**2708**

**ശ്രീ. പുരുഷന്‍ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലുള്‍പ്പെട്ട 4 വില്ലേജുകളുടെ ഭാഗങ്ങള്‍ ചേര്‍ത്ത് നിലവിലുള്ള കൂരാച്ചുണ്ട് വില്ലേജിന്റെ അതിര്‍ത്തി പുനര്‍നിര്‍ണ്ണയം നടത്തിയതിന്റെ കരട് വിജ്ഞാപനം ഉള്‍പ്പെടെയുള്ള എല്ലാ നടപടികളും പൂര്‍ത്തിയാക്കപ്പെട്ട ശേഷം ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കാത്തതിന്റെ കാരണം അറിയിക്കാമോ;

(ബി) സാങ്കേതിക തടസ്സങ്ങളും അധിക സാമ്പത്തിക ബാദ്ധ്യതയും ഇല്ലാത്ത സാഹചര്യത്തില്‍ അടിയന്തിരമായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കാന്‍ നിര്‍ദ്ദേശിക്കുമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**ആലത്തൂരിൽ ലാന്റ് ട്രിബ്യൂണൽ**

**2709**

**ശ്രീ. എം. ചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്കിലെ സാധാരണക്കാരായ ജനങ്ങൾക്ക് പട്ടയം ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ പ്രായോഗികമായ എന്തെങ്കിലും പരിഹാരം കണ്ടെത്തിയിട്ടുണ്ടോ;

(സി) ആലത്തൂർ ആസ്ഥാനമായി ലാന്റ് ട്രിബ്യൂണൽ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>പയ്യന്നൂരിൽ മിനി സിവിൽസ്റ്റേഷൻ</u>**

**2710**

**ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂരിൽ അനുവദിച്ച മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) നിർമ്മാണം പൂർത്തീകരിച്ച് മിനി സിവിൽസ്റ്റേഷൻ എന്ന് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>കായംകുളത്തെ പുറമ്പോക്ക് ഭൂമി നിർണ്ണയം</u>**

**2711 ശ്രീ. സി. കെ. സദാശിവൻ**

താഴെ കാണുന്ന ചോദ്യത്തിന്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**കായംകുളം മണ്ഡലത്തിലെ കായംകുളം നഗരസഭ, കാർത്തികപ്പള്ളി താലൂക്കിലെ കൃഷ്ണപുരം, പത്തിയൂർ, കണ്ടല്ലൂർ, ദേവികുളങ്ങര പഞ്ചായത്തുകൾ മാവേലിക്കര താലൂക്കിൽ ഉൾപ്പെട്ട ചെട്ടിക്കുളങ്ങര, ഭരണിക്കാവ് പഞ്ചായത്തുകൾ എന്നിവിടങ്ങളിലെ പുറമ്പോക്ക് ഭൂമി, പുറമ്പോക്ക് കുളങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?**

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>റവന്യൂ വകുപ്പിലെ ഹെഡ് ക്വാര്‍ട്ടേഴ്സ് വേക്കന്‍സി നിയമനം</u>

**2712 ശ്രീമതി ഇ. എസ്. ബിജിമോള്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ലാന്റ് റവന്യൂ കമ്മീഷണറേറ്റ്, ലാന്റ് ബോര്‍ഡ്, സര്‍വ്വേ ഡയറക്റ്ററേറ്റ്, സെന്‍ട്രല്‍ സ്റ്റാമ്പ് ഡിപ്പോ തുടങ്ങിയ ഓഫീസുകളിലെ ലോവര്‍ ഡിവിഷന്‍ ക്ലാര്‍ക്ക്, ക്ലാസ് ഫോര്‍ എന്നീ തസ്തികകളിലേക്കുള്ള നിയമനം നടത്തുന്നത് തിരുവനന്തപുരം ജില്ലയിലെ പി. എസ്. സി. റാങ്ക് ലിസ്റ്റുകളില്‍ നിന്നുമാത്രമാണെന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം നിയമനംമൂലം മറ്റ് ജില്ലകളിലെ പി. എസ്. സി. റാങ്ക് ലിസ്റ്റുകളില്‍ നിന്നും നിയമനം ലഭിക്കേണ്ടവര്‍ക്ക് നിയമനം ലഭിക്കാത്തത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) ഹെഡ് ക്വാര്‍ട്ടേഴ്സ് വേക്കന്‍സികളിലെ നിയമനം തിരുവനന്തപുരം ജില്ലയിലെ പി. എസ്. സി. റാങ്ക് ലിസ്റ്റില്‍ നിന്നുമാത്രം നിയമിക്കുന്നതിനുവേണ്ടി ഒഴിവുകള്‍ റിപ്പോര്‍ട്ട് ചെയ്യുവാന്‍ തുടങ്ങിയത് ഏത് കാലയളവ് മുതല്‍ ആണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

<u>വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണവും ടൈപ്പിസ്റ്റ് നിയമനവും</u>

2713 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായി വില്ലേജ് ഓഫീസുകളിൽ ടൈപ്പിസ്റ്റുകളെ നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധതരം സർട്ടിഫിക്കറ്റുകൾ വില്ലേജ് ഓഫീസുകളിൽ കമ്പ്യൂട്ടറിലൂടെ നൽകുന്നതിന് ടൈപ്പിസ്റ്റിന്റെ സേവനം അത്യാവശ്യമാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വില്ലേജ് ഓഫീസുകളിലെ ജോലിഭാരം കണക്കിലെടുത്ത് വില്ലേജ് റിക്കാർഡുകൾ അപ്-ഡേറ്റ് ചെയ്യുന്നതിന് ടൈപ്പിസ്റ്റിന്റെ സേവനം അത്യാവശ്യമാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**<u>സർവ്വേ വകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം</u>**

2714 **എ. പി. അബ്ദുള്ളക്കുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. ലിസ്റ്റ് നിലവിലിരിക്കേ സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ് വകുപ്പിൽ എപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഉദ്യോഗാർത്ഥികളെ നിയമിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2008 നവംബർ 18-ന് നിലവിൽ വന്ന 2612 പേരുൾപ്പെട്ട പി.എസ്.സി. ലിസ്റ്റിൽ നിന്നും 721 പേർക്ക് മാത്രം നിയമനം ലഭിക്കുകയും ബാക്കിയുള്ളവർ നിയമനം കാത്തിരിയ്ക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പി.എസ്. സി. ലിസ്റ്റിൽ നിന്നും മാത്രം നിയമനം നടത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**21.06.2012 –ലെ മറുപടിക്ക്**

**റവന്യൂ വകുപ്പിലെ സ്ഥലംമാറ്റം**

**2715 ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ കളക്ടറുടെ 28.05.2012 ലെ എ1. 606/2012 നമ്പർ സ്ഥലംമാറ്റ ഉത്തരവിലൂടെ ജില്ലയിൽ സ്ഥലംമാറ്റത്തിനു വിധേയരായവരുടെ എണ്ണം എത്രയാണെന്നു പറയാമോ ; ഈ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) മേൽ ഉത്തരവ് പ്രകാരം ആലപ്പുഴ ജില്ലയിൽ സ്ഥലം മാറ്റപ്പെട്ട ഓരോ വില്ലേജ് ഓഫീസർ/ആർ.ഐ/എച്ച്.സി. മാരും ഉത്തരവിന് മുമ്പ് ജോലി ചെയ്തിരുന്ന സ്ഥലവും മാറ്റം നൽകിയ കേന്ദ്രവും തമ്മിൽ എത്ര കിലോമീറ്റർ ദൂരം ഉണ്ടെന്നും ഇവരുടെ താമസസ്ഥലത്തുനിന്നും എത്ര ദൂരത്തേയ്ക്കാണ് ഇവരെ ഓരോരുത്തരെയും മാറ്റിയിട്ടുളളതെന്നും വ്യക്തമാക്കാമോ ;

(സി) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വളരെ ദൂരേയ്ക്ക് സ്ഥലം മാറ്റിയ ഉദ്യോഗസ്ഥരെപ്പറ്റി ആലപ്പുഴ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് മാധ്യമങ്ങളിലൂടെ വെളിപ്പെടുത്തിയിട്ടുണ്ടോ എന്നു പറയാമോ; ഇവരെക്കുറിച്ചുളള ആരോപണങ്ങളുടെ പകർപ്പുകളോ, പരാതിക്കാരുടെ മൊഴിയുടെ പകർപ്പോ ലഭ്യമാക്കുമോ ; സർക്കാരിന്റെ അറിവോടെയാണോ എ.ഡി.എം. ഇത്തരം പത്രപ്രസ്താവനകൾ നടത്തിയിട്ടുളളതെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**

**21.06.2012 -ലെ മറുപടിക്ക്**

**ആലപ്പുഴ ജില്ലയിൽ റവന്യൂ വകുപ്പിലെ സ്ഥലംമാറ്റം റീഅലോട്ട്മെന്റ് എന്നിവ സംബന്ധിച്ച പട്ടിക**

2716 **ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ആലപ്പുഴ ജില്ലയിൽനിന്നും പ്രൊമോഷൻ നേടി മറ്റ് ജില്ലകളിൽ നിയമിക്കപ്പെട്ട യു.ഡി. ക്ലർക്ക്, വില്ലേജ് ഓഫീസർ തസ്തികകളിൽപ്പെട്ടവരും ഇനിയും തിരിച്ച് ആലപ്പുഴ ജില്ലയിലേക്ക് പോസ്റ്റ് ചെയ്യപ്പെടേണ്ടവരുമായ ജീവനക്കാരുടെ ലിസ്റ്റുകൾ മുൻഗണനാക്രമത്തിൽ തയ്യാറാക്കിയത് ലഭ്യമാക്കുമോ ;

(ബി) നിയമസഭയിൽ നൽകിയ മറുപടിയുടെയും സമർപ്പിച്ച ലിസ്റ്റിന്റെയും അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിലെ യു.ഡി. ക്ലർക്ക്, വില്ലേജ് ഓഫീസർ റാങ്കിലുള്ളവരിൽ ആലപ്പുഴ ജില്ലയിലേക്ക് മാറ്റം ലഭിക്കേണ്ടവരുടെ മുൻഗണനാ ലിസ്റ്റ് പ്രകാരം എത്രപേർക്ക് തിരിച്ച് ജില്ലയിലേക്ക് മാറ്റം നൽകിയെന്നും മുൻപ് നൽകിയ ലിസ്റ്റുകളിലെ ക്രമനമ്പർ എത്രവരെയുള്ളവരാണ് ഇപ്രകാരം മാറ്റപ്പെട്ടത് എന്നും വ്യക്തമാക്കുമോ ;

(സി) ആലപ്പുഴ ജില്ലയിൽനിന്നും മറ്റ് ജില്ലകളിലേക്ക് പ്രൊമോഷൻ ലഭിച്ച് മാറിപ്പോയ റവന്യൂവകുപ്പിലെ യു.ഡി. ക്ലർക്ക്, വില്ലേജ് ഓഫീസർ റാങ്കിലുള്ള ജീവനക്കാരുടെ റീഅലോട്ട്മെന്റിനുള്ള മുൻഗണനാ ലിസ്റ്റ് മുൻപ് നിയമസഭയിൽ നൽകിയതിൽ നിന്നും മാറ്റമുണ്ടായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എന്തുകൊണ്ടാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**ഓരോ വില്ലേജിൽ തുടർച്ചയായി മൂന്നുവർഷത്തിൽ കൂടുതൽ സേവനമനുഷ്ഠിക്കുന്നവർ**

**2717 ശ്രീമതി. കെ.കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഒരേ വില്ലേജിൽ തുടർച്ചയായി മൂന്നുവർഷത്തിൽ കൂടുതൽ കാലം വില്ലേജ് ഓഫീസർ തസ്തികയിൽ തുടരുന്ന എത്ര വില്ലേജ് ഓഫീസർമാർ സംസ്ഥാനത്ത് ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥരെ സ്ഥലം മാറ്റം നൽകാതെ അതേ സ്ഥലത്ത് തന്നെ നിലനിർത്തുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) മൂന്നു വർഷം ഒരേ സ്ഥലത്ത് തുടർച്ചയായി ജോലി ചെയ്ത വില്ലേജ് ഓഫീസർമാരെ സ്ഥലംമാറ്റി നിയമിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**21.06.2012 -ലെ മറുപടിക്ക്**

**<u>വില്ലേജ്മാൻ തസ്തികയുടെ അടിസ്ഥാന യോഗ്യത</u>**

**2718 ശ്രീ. ഇ. കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എൽ.ഡി.സി., എൽ.ജി.എസ്. എന്നീ തസ്തികകളിലെ അടിസ്ഥാന യോഗ്യത ഉയർത്തിയതുപോലെ റവന്യൂ വകുപ്പിലെ വില്ലേജ്മാൻ തസ്തികയുടെ അടിസ്ഥാന യോഗ്യതയും ഇപ്പോഴും ഉയർത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**കയര്‍ ജിയോ ടെക്സ്റ്റയില്‍**

**2719 ശ്രീ. ജി. സുധാകരന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കയര്‍ ജിയോ ടെക്സ്റ്റയില്‍ പൊതുമരാമത്ത് വകുപ്പിന്റെ മാന്വലില്‍ ഉള്‍പ്പെടുത്തുന്നതിനായി, തദ്ദേശ ഭരണ, പൊതു മരാമത്ത്, കയര്‍ വകുപ്പു മന്ത്രിമാരുടെ 2008ല്‍ നടന്ന യോഗത്തില്‍ എടുത്ത തീരുമാനങ്ങള്‍ അനുസരിച്ച് എന്ത് നടപടികള്‍ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുമരാമത്ത് മാന്വലില്‍ ഇതുവരെ കയര്‍ ജിയോ ടെക്സ്റ്റയില്‍ ഉള്‍പ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) കയര്‍ ജിയോ ടെക്സ്റ്റയില്‍ പൊതുമരാമത്ത് മാന്വലില്‍ ഉള്‍പ്പെടുത്താന്‍ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**തൊണ്ടു ശേഖരണ കണ്‍സോര്‍ഷ്യങ്ങള്‍**

**2720 ശ്രീ. ജി. സുധാകരന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കയര്‍ വികസന ഡയറക്ടറേറ്റ് മുന്‍കൈ എടുത്ത് സംസ്ഥാനത്ത് ഇതുവരെ എത്ര തൊണ്ടു ശേഖരണ കണ്‍സോര്‍ഷ്യങ്ങള്‍ രൂപികരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ കണ്‍സോര്‍ഷ്യവും എന്ന് പ്രവര്‍ത്തനം ആരംഭിച്ചുവെന്നും അവയ്ക്ക് പ്രവര്‍ത്തന ഗ്രാന്റ് എന്നു നല്കിയെന്നുമുള്ള വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(സി) ഓരോ കണ്‍സോര്‍ഷ്യവും ഇതുവരെ ശേഖരിച്ച തൊണ്ടിന്റെ കണക്ക് വിശദമാക്കുമോ;

(ഡി) തൊണ്ടു ശേഖരിച്ചതിന് ഇന്‍സെന്റീവ്, ട്രാന്‍സ്പോര്‍ട്ടേഷന്‍, സബ്സിഡി എന്നീ ഇനങ്ങളില്‍ ഓരോ കണ്‍സോര്‍ഷ്യവും എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**കയർ ക്രയവില സ്ഥിരതാപദ്ധതി**

2721 **ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കയർ ക്രയവില സ്ഥിരതാപദ്ധതി ആരംഭിച്ചതു മുതൽ ഓരോ വർഷവും എത്ര രൂപയുടെ കയർ ഉല്പന്നങ്ങൾ കയറ്റുമതിക്കാർക്ക് സംഭരിച്ചു നൽകി എന്ന് വ്യക്തമാക്കാമോ;

(ബി) 2012 ജനുവരി മുതൽ മേയ് വരെ എത്ര തുകയുടെ കയറു ല്പന്നങ്ങൾ ഈ പദ്ധതിയിൽ സംഭരിച്ചു നൽകി എന്ന് അറിയിക്കാമോ;

(സി) 2010 ജനുവരി മുതൽ മേയ് വരെ എത്ര തുകയുടെ കയറു ല്പന്നങ്ങൾ സംഭരിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) കയറുല്പന്നങ്ങളുടെ കയറ്റുമതി വർദ്ധിക്കുമ്പോഴും ക്രയവില സ്ഥിരതാപദ്ധതിയിൽ നിന്നും കയറ്റുമതിക്കാർ ഉല്പന്നങ്ങൾ സംഭരിക്കുന്നതു കുറഞ്ഞുവരുന്നത് തടയാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**കയർ സഹകരണസംഘം ജീവനക്കാരുടെ ശമ്പളപരിഷ്കരണം**

**2722 ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കയർ സഹകരണസംഘം ജീവനക്കാരുടെ ശമ്പളപരിഷ്കരണം ആവശ്യപ്പെട്ട് ഏതെങ്കിലും സംഘടന നിവേദനം സമർപ്പിക്കുകയോ സമരങ്ങൾ സംഘടിപ്പിക്കുകയോ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കയർ സഹകരണസംഘം ജീവനക്കാരുടെ ശമ്പളപരിഷ്കരണം സംബന്ധിച്ച് സമിതി രൂപീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; ഇതിന്റെ ഘടനയും പ്രവർത്തനങ്ങളും വിശദാക്കുമോ;

(സി) പ്രസ്തുത സമിതിയുടെ റിപ്പോർട്ട് പ്രകാരം കയർ സഹകരണസംഘം ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) കയർ സഹകരണസംഘം ജീവനക്കാരുടെ ശമ്പളം അടിയന്തിരമായി പരിഷ്കരിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 21.06.2012 -ലെ മറുപടിക്ക്

**കയർത്തൊഴിലാളി ക്ഷേമനിധി ബോർഡ് ധനസഹായം**

2723 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, ബെന്നി ബെഹനാൻ
,, വി. ഡി. സതീശൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കയർത്തൊഴിലാളികൾക്ക് എന്തെല്ലാം ധനസഹായങ്ങളാണ് നൽകി വരുന്നത്; വിശദമാക്കുമോ;

(ബി) ക്ഷേമനിധി ബോർഡ് വഴി നൽകുന്ന തുക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത തൊഴിലാളികൾക്കുള്ള വിവിധ ധനസഹായങ്ങളുടെ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വ്യക്തമാക്കുമോ ?